# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**2020 ജൂൺ 11 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ

ഇന്ന് കേരളത്തിൽ 83 പേർക്ക് കോവിഡ് 19 രോഗം സ്ഥിരീകരിച്ചു. തൃശ്ശൂർ ജില്ലയിൽ നിന്നും 25 പേർക്കും പാലക്കാട് ജില്ലയിൽ നിന്നും 13 പേർക്കും, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഇന്ന് പത്ത് പേർക്കു വീതവും, കൊല്ലം ജില്ലയിൽ നിന്ന് എട്ട് പേർക്കും, കണ്ണൂർ ജില്ലയിലെ ഏഴ് പേർക്കും, പത്തനംതിട്ടയിൽ നിന്നും അഞ്ച് പേർക്കും, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നും രണ്ടുപേർക്ക് വീതവും കോഴിക്കോട് ജില്ലയിൽ ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്. കണ്ണൂർ ജില്ലയിൽ കോവിഡ് 19 രോഗ ബാധ സ്ഥിരീകരിച്ചത് ചികിത്സയിലായിരുന്ന ഒരു വ്യക്തി ഇന്നലെ നിര്യാതനായി. രോഗം സ്ഥിരീകരിച്ച ചികിത്സയിലായിരുന്ന 62 പേരുടെ പരിശോധന ഫലം നെഗറ്റീവ് ആയിട്ടുണ്ട്. നിലവിൽ 1258 പേർ രോഗം സ്ഥിരീകരിച്ചു ചികിത്സയിലാണ് .

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്

കേരളത്തിൽ നിലവിൽ 2244 രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ന് 83 പേർക്ക് രോഗം സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ച 1258 പേർ നിലവിൽ ചികിത്സയിലാണ്. 968 പേർക്ക് രോഗബാധ ഭേദമായി. 18 മരണങ്ങളും റിപ്പോർട്ട് ചെയ്തു. റിപ്പോർട്ട് ചെയ്ത കേസുകളിൽ 1825 കേസുകൾ (85 ശതമാനം കേസുകളും) ഇംപോർട്ടഡ് കേസുകളാണ്. 336 കേസുകൾ 15 ശതമാനം മാത്രമാണ് സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ചത്. കൂടാതെ 1702 കേസുകൾ മറ്റു രാജ്യങ്ങളിൽ നിന്നും വന്നവരിലും 710 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. റിപ്പോർട്ട് ചെയ്ത 50 ശതമാനത്തിൽ കൂടുതൽ കേസുകളും അഞ്ച് ജില്ലകളിൽ നിന്നാണ്. പാലക്കാട്, മലപ്പുറം, തൃശൂർ, കാസർഗോഡ്, കണ്ണൂർ ജില്ലകളിലാണ് ഇത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സമ്പർക്കത്തിലൂടെ രോഗം പിടിപെട്ടത് പാലക്കാട്, കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 24 മണിക്കൂറിൽ 5044 സാമ്പിളുകൾ ടെസ്റ്റ് ചെയ്തതിൽ 83 പോസിറ്റീവ് റിസൾട്ടുകൾ ആണ് ഉള്ളത്. ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്രോഗ്രാം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുകയും നിലവിൽ 260 പേർ കൺസൾട്ടേഷൻ നടത്തി. ഇന്ന് 122 പേർ ഇ-സഞ്ജീവിനി ടെലിമെഡിസിൻ വഴി കൺസൾട്ടേഷൻ നടത്തി. ഇന്നലെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ സ്വകാര്യ ആശുപത്രി മേധാവികളുമായി യോഗം നടത്തിയിരുന്നു ഏകദേശം നൂറോളം സ്വകാര്യ ആശുപത്രികൾ യോഗത്തിൽ പങ്കെടുത്തു. കോവിഡ് ഇതര പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തി. 16645 സന്നദ്ധസേന വോളണ്ടിയർമാർ

ഇതുവരെ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട് എന്നുള്ള വിവരം അദ്ദേഹം യോഗത്തെ അറിയിച്ചു.

## ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്

ക്യാബിനറ്റും ക്യാബിനറ്റ് സെക്രട്ടറിമാരും ആയിട്ടുള്ള വീഡിയോ കോൺഫറൻസ് ഇന്ന് രാവിലെ ഉണ്ടായിരുന്നു. ഇന്ത്യയിലെ 72 ശതമാനത്തോളം കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള 30 ജില്ലകളിൽ ആണെന്നും. ഡൽഹി, മഹാരാഷ്ട്ര, ഗുജറാത്ത്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെന്നും ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു. ഇതിൽ കേരളം ഉൾപ്പെട്ടിട്ടില്ല എന്നും പറയുകയുണ്ടായി. കൂടുതൽ മരണനിരക്ക് ഉള്ള 69 ജില്ലകളിലും കേരളത്തിലെ ഒരു ജില്ല പോലും ഉൾപ്പെട്ടിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ ആശുപത്രികളിൽ ചികിത്സ കിടക്കകളുടെ ലഭ്യത സംബന്ധിച്ചുള്ള വിവരം ദിനംപ്രതി അപ്ഡേറ്റ് ചെയ്യണമെന്നും അദ്ദേഹം പറയുകയുണ്ടായി.

കോവിഡ് ഇതര ചികിത്സകൾക്കായുള്ള ആശുപത്രികളെ കൃത്യമായി കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു. 180 ട്രെയിനുകൻ അതിഥി തൊഴിലാളികളെയും കൊണ്ട് അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ചുപോയി. 2 ലക്ഷത്തോളം ആൾക്കാർ ആണ് ഇതുവഴി അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ചെത്തിയത്. ആസ്സാമിൽ നിന്ന് മാത്രമാണ് ഇനി ആളുകൾ തിരിച്ചു പോകാനുള്ളത്. അവരുടെ അനുമതിയും കൂടി ലഭിക്കുന്നതോടെ ട്രെയിനുകൾ നമുക്ക് അവിടേക്ക് വിടാവുന്നതാണ്. തിരിച്ചുപോയ കുറച്ചുപേർ കേരളത്തിലേക്ക് വരാൻ താല്പര്യപ്പെടുന്നതായി അദ്ദേഹം യോഗത്തെ അറിയിച്ചു. ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിംഗിൽ ആരോഗ്യവകുപ്പ് കോവിഡ് ആശുപത്രികളുടെയും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെയും വിശദമായ വിവരം പ്രദർശിപ്പിക്കുകയുണ്ടായി. ആരോഗ്യവകുപ്പ് ഇത് നന്നായി പ്ലാൻ ചെയ്തിട്ടുള്ളതായി മനസ്സിലാക്കി. ഈ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനെക്കൂടി അറിയിക്കുന്നത് നന്നാകും. ആരോഗ്യവകുപ്പ് സെക്രട്ടറിയോട് ഇതുസംബന്ധിച്ചുള്ള നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ഓക്സിജൻ സിലിണ്ടറുകൾ വയ്ക്കാനുള്ള നിർദ്ദേശം കൂടി മീറ്റിംഗിൽ ആരോഗ്യവകുപ്പിന് നൽകുകയുണ്ടായി.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

ലോക്ക്ഡൗൺ കാലയളവിലും അതിനുശേഷവും സമ്പർക്ക വിലക്കിൽ ഉള്ളവർക്ക് മാനസികാരോഗ്യ പിന്തുണ നൽകി വരുന്നുണ്ട്. എന്നാൽ രോഗികളുടെ കാര്യത്തിൽ നാം കുറച്ചുകൂടി ഊർജ്ജിതമായി ഈ പ്രവർത്തനങ്ങൾ നടത്തണം എന്നാണ് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നടക്കുന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ഇതിനായി ആരോഗ്യവകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

സർവൈലൻസ് പരിശോധന പരിധിയിൽ വെറ്ററിനറി സർജൻമാരെ കൂടി ഉൾപ്പെടുത്തണമെന്ന് അഭിപ്രായം ഉയർന്നിട്ടുണ്ട്. ഇത് പരിഗണിക്കേണ്ടതാണ്. ഇ-സഞ്ജീവനി വഴി ടെലി കൗൺസിലിങ്ങിന് കൂടുതൽ പിന്തുണ ലഭിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ഇത് നല്ലതാണ്. കോവിഡ് മഹാമാരി എപ്പോൾ അവസാനിക്കുമെന്നു സംബന്ധിച്ച് ഒരു റിപ്പോർട്ട് പുറത്തിറങ്ങിയിട്ടുണ്ട്. സമ്പർക്ക വിലക്ക്, ബ്രേക്ക് ദി ചെയിൻ കാമ്പയിനുകൾ ശക്തമായി തുടരുകയും മറ്റു സുരക്ഷാ സംവിധാനങ്ങൾ കൃത്യമായി പരിപാലിക്കുകയും ചെയ്താൽ വൈറസുകളുടെ നിലനിൽപ്പിനു തന്നെ

ബുദ്ധിമുട്ട് ഉണ്ടാവുകയും അതുവഴി വൈറസിന് മാറ്റം വരികയും രോഗാണുവിന് തീവ്രത കുറയുകയും അതുവഴി ഒരു വൈറൽ റെപ്ലിക്കേഷൻ, ട്രാൻസ്മിഷൻ എന്നിവ കുറയുകയും ചെയ്യും. ഇതുവഴി രോഗവ്യാപനം സാധ്യതയും മരണനിരക്കും കുറയും ചെയ്യുമെന്നാണ് ആ പഠന റിപ്പോർട്ടിൽ വിലയിരുത്തിയിരിക്കുന്നത്.

**<u>ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്</u>**

ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം തൃപ്തികരമാണെന്ന് യോഗത്തെ അറിയിച്ചു.

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,</u>**
**<u>ശ്രീമതി ശാരദാ മുരളീധരൻ ഐ എ എസ്</u>**

മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിൽ 2000 കോടി ആണ് അനുവദിച്ചത്. 1769 കോടിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. 160 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. തെക്കൻ ജില്ലകളിലുള്ള ബാങ്കുകളിൽ ആണ് ഇക്കാര്യത്തിൽ ഇടപെടൽ കുറവായി കണ്ടിട്ടുള്ളത്. അവരെയും ഇതിലേക്ക് കൂടുതൽ അനുവദിക്കാനായി ശ്രമം നടത്തിവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ ക്വാറന്റയിൻ സെന്ററുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ചിലവ് അധികമാണെന്ന തരത്തിൽ പത്ര വാർത്തകൾ വന്നിരുന്നു. 4.25 കോടി രൂപ ചെലവായതായി ആണ് വിവരം ലഭിച്ചിട്ടുള്ളത്. ദുരന്തനിവാരണ ഫണ്ട് അവർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രക്രിയ ത്വരിതപ്പെടുത്താൻ ആയി തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല ഇക്കാര്യം ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് ഒരേ രീതിയിലല്ല ഫണ്ടുകളുടെ ആവശ്യകത. അവർ ഓരോരുത്തരുടെയും പ്രവർത്തനവും അതിന്റെ തോത് വ്യത്യാസമാണ്. ആയതിനാൽ ആർക്കൊക്കെ എത്ര രൂപയാണ് വേണ്ടത് എന്ന് എണ്ണം കണക്കാക്കി ഫണ്ട് അനുവദിക്കാനുള്ള നടപടികൾ ചെയ്തുവരുന്നു.

**<u>ഊർജ്ജവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. ബി അശോക് ഐ എ എസ്</u>**

കോവിഡിനായുള്ള ആയുഷ്മാൻ ഭാരത് പദ്ധതിയുടെ നിരക്കുകൾ നിലവിൽ ഉണ്ടെന്നും പൊതുജനസൗകര്യാർത്ഥം ഈ നിരക്ക് ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധ പ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**<u>വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. കെ. ഇളങ്കോവൻ ഐ എ എസ്</u>**

ഇതുവരെ മറ്റു രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയവരിൽ മൂന്ന് ശതമാനമാണ് രോഗത്തിന്റെ നിരക്ക്. ഇത് കുവൈറ്റിനെ സംബന്ധിച്ചടിത്തോളം 6 ശതമാനത്തോളം ആണ്. ആയതിനാൽ കുവൈറ്റിൽ നിന്ന് കേരളത്തിലേക്ക് തിരിച്ചു എത്തുന്നവരിൽ പൂർണ്ണമായി പരിശോധിക്കണമെന്ന് ഒരു അഭിപ്രായം മുന്നോട്ടുവയ്ക്കുന്നു.

**<u>ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ, ശ്രീമതി ശ്രീലേഖ ഐ പി എസ്</u>**

ദിനംപ്രതി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ വാഹനങ്ങൾ അണുനശീകരണം നടത്തിവരുന്നു. ഫയർ എൻജിനുകൾ പരിശോധിച്ചതിൽ സോഡിയം ഹൈപ്പോ ക്ലോറേറ്റ്

ലായനി കലർത്തി വെള്ളം ഉപയോഗിക്കുന്നതുകൊണ്ട് കേടുപാടുകൾ സംബന്ധിച്ചതു കൊണ്ട് റിപ്പയറിംഗ് ആവശ്യം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഏകദേശം രണ്ടു കോടിയോളം രൂപ ആവശ്യമാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കേരളത്തിലെ പൊതുസ്ഥിതി എടുത്താൽ രോഗബാധ സ്ഥിരീകരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടെങ്കിലും അത് കേരളത്തിലേക്ക് കൂടുതൽ ആൾക്കാർ വരുന്നതിനാലാണ്. മാത്രമല്ല ഈ രോഗാണു ഇവിടെ തന്നെ നിലനിൽക്കുമെന്നും അതിന്റെ തീവ്രത ക്രമേണ കുറയുമെന്നും വിദഗ്ധ സമിതി യോഗത്തിൽ അറിയിക്കുകയുണ്ടായി. രോഗപ്രശ്നം ഉണ്ടാകുന്നുണ്ടെങ്കിലും സമ്പർക്ക നിരക്ക് ഉള്ള കേസുകൾ ഇതുവരെ കുറവാണ്. ഇന്ന് അതിൽ അല്പം വർധനവുണ്ടായിട്ടുണ്ട്. ഇതിനെ നാം ഗൗരവമായി കാണേണ്ടതുണ്ട്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
2. കൂടുതൽ ആളുകൾ തിരിച്ചെത്തുന്നതനുസരിച്ച് രോഗവ്യാപന നിരക്ക് വർദ്ധിക്കാതെ ഇരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. സ്പൈസ് ജെറ്റ് കേരളത്തിലേക്ക് ആൾക്കാരെ കൊണ്ടുവരുമ്പോൾ വരുന്ന ആൾക്കാരെ പരിശോധന നടത്തി മാത്രം എത്തിക്കാമെന്ന് മുൻപ് നിബന്ധന ചെയ്തിരുന്നു. കേരളത്തിലേക്ക് എത്തുന്ന വിമാനത്തിൽ ഒന്നോ രണ്ടോ പേരെങ്കിലും രോഗബാധയുള്ള വരാണെങ്കിൽ വിമാനത്തിൽ യാത്ര ചെയ്യുന്ന എല്ലാവർക്കും ഈ അസുഖം പകരാൻ സാധ്യതയുണ്ട്. ആയതിനാൽ കേരളത്തിലേക്ക് ആൾക്കാരെയും കൊണ്ടുവരുന്ന വിമാനത്തിൽ ഉള്ളവർ എല്ലാവരും കേരളത്തിൽ എത്തുന്നതിനുമുമ്പ് പരിശോധന നടത്തിയിരിക്കണം എന്ന നിബന്ധന മുന്നോട്ട് വയ്ക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
3. രോഗമുള്ളവർ വരേണ്ട എന്ന സമീപനം നമുക്കില്ല. പക്ഷേ അങ്ങനെയല്ലെങ്കിൽ സംശയം ഉള്ള ആൾക്കാർ ഒരുമിച്ച് മറ്റൊരു വിമാനത്തിൽ വന്നാൽ കേസുകളുടെ എണ്ണം വർദ്ധിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ നാം പ്ലാൻ ചെയ്യുകയും അതിനു വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും വേണം. **(ചുമതല - പൊതുഭരണ, ആരോഗ്യ, ഗതാഗത വകുപ്പ്)**
4. ഡോക്ടർമാർ, മറ്റ് ജീവനക്കാർ, വോളണ്ടിയർമാർ എന്നിവർ തുടർച്ചയായി ജോലി ചെയ്ത് ക്ഷീണിച്ചിട്ടുണ്ട്. ഇത് നമ്മുടെ പ്രവർത്തന സംവിധാനത്തെ പ്രതികൂലമായി ബാധിച്ചു. കൂടാതെ ഇനിയങ്ങോട്ടുള്ള പ്രവർത്തനങ്ങളിൽ തളർച്ച ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ ജില്ലാ കളക്ടർമാർ)**
5. കോവിഡിനൊപ്പം തന്നെ മഴക്കാലരോഗങ്ങളും ഇനി ആരോഗ്യമേഖലയെ പ്രതിസന്ധിയിലാക്കാൻ സാധ്യതയുണ്ട്. ആയതിനാൽ കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
6. ക്വാറന്റയിൻ കാലഘട്ടം പൂർണമായി പാലിക്കപ്പെടുന്നു എന്ന് നാം ഉറപ്പു വരുത്തണം. നിരീക്ഷണത്തിൽ ഉള്ളവർ സ്വയം റിപ്പോർട്ട് ചെയ്യുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങളും സന്ദേശങ്ങളും ടെലിഫോണിലൂടെയും മറ്റ് ആപ്ലിക്കേഷനിലൂടെയും നൽകുന്നത് നന്നാവും. ഇതിനായി ഒരു സിറ്റിസൺ സെന്റർ ആപ്ലിക്കേഷൻ ഓൺലൈൻ സംവിധാനം സിഡിറ്റ് തയ്യാറാക്കിയിട്ടുണ്ട്. വീട്ടിലുള്ളവർക്ക് സ്വന്തം കാര്യം സ്വയം റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനമാണിത്.

ചികിത്സാ കേന്ദ്രങ്ങളിലേക്ക് മാറുമ്പോൾ അവരുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്. **(ചുമതല - ഡി ഡിറ്റ്, ആരോഗ്യവകുപ്പ്)**

7. പൊതുജനങ്ങളുടെ ആരോഗ്യം സംബന്ധിച്ച് പൂർണമായ വിവരം ആരോഗ്യവകുപ്പിന്റെ പക്കൽ ഉണ്ടാകേണ്ടതാണ്. ഇതിന്റെ പൂർണ്ണമായ സുരക്ഷ ഉറപ്പുവരുത്തേണ്ടത് ആരോഗ്യ വകുപ്പാണ്. മറ്റു പൊതുവായ കാര്യങ്ങൾ എല്ലാം തന്നെ ദുരന്തനിവാരണ വകുപ്പ് സൂക്ഷിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്, എസ് ഡി എം എ)**
8. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരോഗ്യവകുപ്പ് ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ രോഗതീവ്രത കുറഞ്ഞ വ്യക്തികളെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ അഡ്മിറ്റ് ചെയ്യും. രോഗം മൂർച്ഛിക്കാൻ സാധ്യതയുള്ളവരെ ഐസിയുവും മറ്റ് സംവിധാനങ്ങളുമുള്ള കോവിഡ് ആശുപത്രിയിലേക്ക് സമയബന്ധിതമായി മാറ്റുന്നതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
9. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും കോവിഡ് ആശുപത്രിയും തമ്മിൽ കൃത്യമായ ആശയവിനിമയം ഉണ്ടാകേണ്ടതും, ഇതിനുള്ള ക്രമീകരണവും എങ്ങനെ, എപ്പോൾ രോഗികളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റണം എന്നത് സംബന്ധിച്ച് കൃത്യമായ പ്ലാനിങ് ഉണ്ടായിരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
10. കോവിഡ് 19 ചികിത്സയ്ക്കായി സർക്കാർ, സ്വകാര്യ ആശുപത്രികളെ ഏറ്റെടുത്ത് അവിടേയ്ക്ക് രോഗികളെ അയക്കുകയാണെങ്കിൽ അതിന്റെ ചിലവ് നാം വഹിക്കുന്നതാണ്. എന്നാൽ ഒരാൾ സ്വയം സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ തേടുകയാണെങ്കിൽ നാം വഹിക്കേണ്ട കാര്യമില്ല. **(ചുമതല - ആരോഗ്യ വകുപ്പ്)**
11. സ്വകാര്യ ആശുപത്രികളിൽ എവിടെയൊക്കെ ചികിത്സാ സംവിധാനം തയ്യാറാക്കാനാകും എന്നത് സംബന്ധിച്ചും അവിടത്തെ ചികിത്സ സംബന്ധിച്ചുമുള്ള വിശദമായ പ്രോട്ടോകോൾ ആരോഗ്യകുടുംബക്ഷേമ വകുപ്പ് തയ്യാറാക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
12. സെക്രട്ടറിമാർ തമ്മിലുള്ള ഏകോപനത്തിൽ ഒരുതരത്തിലുമുള്ള കുറവ് വരാൻ പാടില്ല. തീരുമാനമെടുക്കുന്നതിൽ ഇത് ഒരിക്കലും ബാധിക്കാൻ പാടില്ല. നാം കൂട്ടായി പ്രവർത്തിക്കാൻ ശ്രദ്ധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
13. നിലവിലുള്ള സാഹചര്യം മനസ്സിലാക്കി പ്രവർത്തിക്കാൻ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനും നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. താഴെത്തട്ടിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി ഉദ്യോഗസ്ഥർ അവലോകന യോഗങ്ങളിൽ അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
14. വാർ റൂമുകളുടെ പ്രവർത്തനരീതിയും അവിടെ ഇനി എത്ര പേർ തുടരേണ്ടതുണ്ട് എന്നും സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
15. തുടർച്ചയായ ജോലിയിൽ ക്ഷീണിതൻ ആകുന്നവരെ എങ്ങനെ സപ്പോർട്ട് ചെയ്യാം എന്നത് സംബന്ധിച്ച് അതത് വകുപ്പുകൾ പരിശോധിക്കേണ്ടതാണ്. ചില പ്രവർത്തകർ ക്ഷീണിതരാകുന്നതുകൊണ്ട് നമ്മുടെ പ്രവർത്തന മികവിൽ സൽപ്പേര് നഷ്ടപ്പെടാൻ പാടില്ല. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
16. പ്രത്യേക മേഖലകളിൽ ചില പ്രത്യേക ഐഎഎസ്, ഐപിഎസ് ഓഫീസർമാരെ നിയോഗിക്കേണ്ടതുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
17. കോവിഡ് 19 രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നയിക്കുന്ന ആരോഗ്യവകുപ്പ് സംസ്ഥാനത്ത് വളരെ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. രോഗ വ്യാപന നിരക്കും രോഗികളുടെ എണ്ണവും വർധിക്കുന്നതിനനുസരിച്ച്

ആരോഗ്യവകുപ്പ് അവരുടെ നില വികസിപ്പിച്ച് അവരുടെ സേവനം ഏകോപിപ്പിച്ച് കൊണ്ടുപോകാൻ പരിശ്രമിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**

18. നിലവിലുള്ള കണ്ടയിൻമെന്റ് സോണുകളെ നിർവചിക്കുന്നത് സംബന്ധിച്ച് നാം പുനർവിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. ഒരു വീട്ടിൽ ഒരു വ്യക്തിക്ക് രോഗം സ്ഥിരീകരിക്കപ്പെടുകയാണെങ്കിൽ ആ വീടും അതിനുചുറ്റുമുള്ള കുറച്ചു വീടുകളും ചേർന്ന് ഒരു ക്ലസ്റ്റർ കണ്ടയിൻമെന്റ് സോൺ ആക്കണം. ഇതിനനുസരിച്ച് നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതാണ്. ഒരു വീട്ടിൽ ഒന്നോ അതിലധികമോ വ്യക്തികൾക്ക് രോഗം സ്ഥിരീകരിക്കപ്പെടുകയാണങ്കിൽ അതിനെ പ്രത്യേകരീതിയിൽ കാണേണ്ടതാണ്. **(ചുമതല - എസ് ഡി എം എ)**
19. ഒരു പഞ്ചായത്തിലെ വാർഡിൽ പത്തോ അതിലധികമോ പ്രാഥമിക സമ്പർക്കം ഉള്ളവർ നിരീക്ഷണത്തിൽ ഉണ്ടെങ്കിൽ അതിനെ കണ്ടയിൻമെന്റ് സോൺ ആക്കാവുന്നതാണ്. **(ചുമതല - എസ് ഡി എം എ)**
20. ഇരുപത്തിയഞ്ചോ അതിലധികമോ സെക്കന്ററി കോണ്ടാക്റ്റ് ഉള്ളവർ ഉണ്ടെങ്കിൽ അവിടം കണ്ടയിൻമെന്റ് സോൺ ആക്കാവുന്നതാണ്. **(ചുമതല - എസ് ഡി എം എ)**
21. പഞ്ചായത്തുകളിൽ വാർഡ് തലത്തിലും നഗരപ്രദേശങ്ങളിൽ സബ് വാർഡ് തലത്തിലും കണ്ടയിൻമെന്റ് സോണുകൾ നിർവചിക്കേണ്ടതാണ്. **(ചുമതല -എസ് ഡി എം എ)**
22. കോവിഡ് ജാഗ്രത പോർട്ടലിൽ നിന്ന് ദിവസവും ജില്ലകൾ ദുരന്തനിവാരണ അതോറിറ്റി ശുപാർശകൾ നൽകേണ്ടതും അതിനനുസരിച്ച് അവർക്ക് സോണുകൾ ആരോഗ്യവകുപ്പിന് ബുള്ളറ്റിൻ വഴി പ്രസിദ്ധീകരിക്കേണ്ടതാണ്. **(ചുമതല - എസ് ഡി എം എ )**
23. ഒരു തവണ ഒരു പ്രദേശത്തെ കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ചാൽ അത് ഏഴു ദിവസത്തേക്ക് തുടരുന്നതാണ്. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും പ്രത്യേക ശ്രദ്ധ വരുത്തേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, എസ് ഡി എം എ)**
24. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ 50 ശതമാനത്തിലധികം കണ്ടയിൻമെന്റ് സോണുകൾ ആണെങ്കിൽ അവരെ റെഡ് കളർ കോഡ് തദ്ദേശ സ്വയംഭരണ സ്ഥാപനം എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് മാപ്പ് ദുരന്ത നിവാരണ അതോറിറ്റി ദിനം പ്രതി രാത്രി 12 മണിക്ക് മുൻപായി അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. **(ചുമതല - എസ് ഡി എം എ)**
25. വിദേശത്തും സ്വദേശത്തും നിന്നും വരുന്നവരുടെ ക്വാറൻറ്റെൻ ഉറപ്പുവരുത്താനായി പോലീസ് ശക്തമായി ഇടപെടേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
26. മാർച്ച് 23 മുതൽ ജൂൺ ആറുവരെ കേരളത്തിൽ എത്തിയ 60 ഓളം പേർക്ക് രോഗം എങ്ങനെ ലഭിച്ചു എന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. 49 പേർക്ക് മെയ് നാലിന് ശേഷം ആ സ്ഥിതി വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രത്യേക പരിശോധന ജില്ലാതലത്തിൽ ഉണ്ടാകേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
27. ലോക്ക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചപ്പോൾ എല്ലാ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവർ പ്രവർത്തിക്കേണ്ടത് സംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നാം പ്രസിദ്ധീകരിച്ചു. ഈ സുരക്ഷാക്രമീകരണങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പിഴ ചുമത്താവുന്നതാണ്. തുടർന്നും ഇത് ആവർത്തിച്ചാൽ കൂടുതൽ കടുത്ത ഇടപെടൽ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

28. മാർക്കറ്റുകളിൽ രോഗവ്യാപനം സാധ്യത കാണുന്നുണ്ടെങ്കിൽ അവിടെ ഒരു പൂൾ ടെസ്റ്റ് നടത്തുന്നത് പരിശോധിക്കേണ്ടതാണ്. ഇത് ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കും. **(ചുമതല - ആരോഗ്യ വകുപ്പ്)**
29. കണ്ടുവരുന്ന മറ്റൊരു പ്രവണത ദീർഘദൂര ട്രെയിനുകളിൽ വരുന്നവർ എത്തുന്ന സ്ഥലങ്ങൾ മറച്ചുവയ്ക്കാൻ വേണ്ടി അവർ ഇറങ്ങേണ്ട സ്റ്റോപ്പിൽ ഇറങ്ങാതെ അതിനുമുൻപുള്ള സ്റ്റോപ്പിൽ ഇറങ്ങുകയും മറ്റു ട്രെയിനുകളിൽ കയറി സാധാരണ യാത്രക്കാരെ പോലെ ഇറങ്ങേണ്ട സ്റ്റേഷനുകളിൽ ഇറങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പോലീസ് കൃത്യമായി പരിശോധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
30. ചികിത്സകൾക്കായി കേരളത്തിൽ എത്തുന്നവർ യാത്രാവിവരണം പറയാതെ ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആരോഗ്യ സ്ഥാപനങ്ങളെ കൂടുതൽ വിഷമത്തിലാക്കുന്നു. ആയതിനാൽ, നമുക്ക് പൊതുജനങ്ങളുടെ പൊതുവായ ആരോഗ്യത്തിനായി ഇത്തരം പ്രവണതകൾ ഒഴിവാക്കാം എന്ന് ആഹ്വാനം ചെയ്യാവുന്നതാണ്. **(ചുമതല - ജില്ലാ കളക്ടർമാർ)**
31. മിഷിഗൺ യൂണിവേഴ്സിറ്റി രോഗവ്യാപനം സെപ്റ്റംബറിലേക്ക് നീങ്ങാൻ സാധ്യത യുണ്ടെന്നും നാം വേണ്ടത്ര ശ്രദ്ധ പാലിച്ചില്ലെങ്കിൽ ഇത് സംഭവിക്കും എന്നും മുന്നറിയിപ്പ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **(ചുമതല - ആരോഗ്യ വകുപ്പ്)**
32. പാലക്കാട് ജില്ലയിൽ കോവിഡ്, നോൺ കോവിഡ് ചികിത്സകൾക്കായി പ്രത്യേക നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
33. കാരുണ്യ സ്കീമിൽ ഹീമോഫീലിയ, ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ സാമ്പത്തിക വർഷം ഇവരുടെ ചികിത്സാ ചിലവ് വഹിക്കുന്നതാണ് എന്ന് യോഗത്തെ അറിയിച്ചു. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ധനകാര്യ വകുപ്പുമായി നടന്ന ചർച്ചയിൽ ഇത് തീരുമാനമായിട്ടുണ്ടെന്നും ഈ വർഷത്തേക്ക് കൂടി ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാസഹായം തുടരുമെന്ന് അറിയിച്ചിട്ടുള്ളതായും പറഞ്ഞു. ചികിത്സാച്ചെലവിനായ ബില്ലുകൾ സമർപ്പിക്കുമെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. **(ചുമതല - ധനകാര്യ, ആരോഗ്യ വകുപ്പ്)**
34. പാലക്കാട് പ്രത്യേക സ്ഥിതിയാണ് നിലവിലുള്ളത്. അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു റീഇൻഫോഴ്സ്മെന്റ് ടീമിനെ അങ്ങോട്ടേയ്ക്ക് അയക്കാമെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോക്ടർ രാജൻ ഖോബ്രഗഡെ മുഖ്യമന്ത്രിയെ അറിയിച്ചു. **(ചുമതല - ആരോഗ്യ വകുപ്പ്)**
35. അതിർത്തികളിൽ കൂടി കൂടുതൽ ആൾക്കാർ കേരളത്തിലേക്ക് കടക്കുന്നത് തടയാൻ ആയി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
36. ചികിത്സയിൽ ഉണ്ടായിരുന്നവർ ആത്മഹത്യ ചെയ്തത് സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമായ കൗൺസിലിംഗ് നടത്തേണ്ടതാണ് എന്ന് വിദഗ്ധസമിതി അറിയിക്കുകയുണ്ടായി. ക്വാറന്റനിൽ തുടരുന്നവർ വല്ലാതെ ഒറ്റപ്പെട്ടു പോകാതിരിക്കാനും നാം ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
37. ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്നാണ് കേരളത്തിൽ ആരാധനാലയങ്ങൾ തുറക്കാവുന്നതാണ് എന്ന നിലപാട് സ്വീകരിച്ചത്. ഇതിനെ വിദഗ്ധസമിതി എതിർത്തിരുന്നു എന്ന തരത്തിൽ പത്രവാർത്തകൾ വന്നിട്ടുണ്ട്. എന്നാൽ നാം ഇതിനെ എതിർക്കുകയല്ല ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പാലിക്കുക മാത്രമാണ് കേരളം ചെയ്തിട്ടുള്ളത്. ഇപ്പോഴത്തെ സാഹചര്യങ്ങൾ മുൻനിർത്തി

ആരാധനാലയങ്ങൾ തുറക്കാതെ ഇരുന്നാൽ നല്ലതുതന്നെ. ഇത് നാം എടുക്കുന്ന തീരുമാനങ്ങൾക്ക് എതിരായി കാര്യങ്ങൾ ചെയ്യാനുള്ള ഒരു കൂട്ടം ആൾക്കാരുടെ പ്രവണതയായി കാണുന്നു. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

38. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രത്യേക രീതിയിൽ നിരീക്ഷിക്കേണ്ടതാണ്. അവരുമായി സംവാദിക്കാനായി ഒരു വേദി ഉടനടി തയ്യാറാക്കേണ്ടതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**
39. ഹ്രസ്വദൂര ട്രെയിനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നാം തീരുമാനം എടുക്കേണ്ടതാണ്. **(ചുമതല - ഗതാഗത വകുപ്പ്)**
40. സർവൈലൻസ് പരിശോധനകളിൽ വെറ്റിനറി വിഭാഗത്തിന് കൂടി ഉൾപ്പെടുത്തുന്ന കാര്യം ആരോഗ്യവകുപ്പ് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
41. ടെലി കൺസൾട്ടേഷൻ നാം കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്.**(ചുമതല - ആരോഗ്യ വകുപ്പ്)**

യോഗം 5.20 ന് അവസാനിച്ചു അടുത്ത അവലോകന യോഗം ചൊവ്വാഴ്ച നടത്താവുന്നതാണ്

14/6/2020.

–16/6

Rajan 13-6-2020

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ